# ‘ഭക്ഷ്യസംസ്കരണ രംഗത്ത് അദ്ഭുതങ്ങൾ കാട്ടാനാകും’

കൊച്ചി ● കർഷകരുടെ ഇടയിൽ ഒരു ശൃംഖല വളർത്തിയെടുക്കുന്നതിലൂടെ കേരളത്തിന് ഭക്ഷ്യസംസ്കരണ രംഗത്ത് അദ്ഭുതങ്ങൾ കാട്ടാനാകുമെന്നു കനേഡിയൻ കമ്പനിയായ മക് കെയ്ൻ ഫുഡ്സിന്റെ ഇന്ത്യ വിഭാഗം തലവൻ വികാസ് മിത്തൽ. വിശ്വസനീയമായ വ്യാപാര സമീപനവും സ്റ്റോറേജിന് ഉന്നത നിലവാരത്തിലുള്ള സൗകര്യങ്ങളും ഒരുക്കുന്നതിലും ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. എമേർജിങ് കേരള നിക്ഷേപക സംഗമത്തിൽ പങ്കെടുക്കാൻ നഗരത്തിലെത്തിയതായിരുന്നു വികാസ് മിത്തൽ.



വികാസ് മിത്തൽ

ഫ്രഞ്ച് ഫ്രൈസിന്റെയും ഉരുളക്കിഴങ്ങ് അധിഷ്ഠിത ഉൽപന്നങ്ങളുടെയും വിപണനത്തിൽ ലോകത്തെ മുൻനിര കമ്പനികളിൽ ഒന്നാണ് മക് കെയ്ൻ. ശീതീകരിച്ച ഭക്ഷ്യോൽപന്ന മേഖലയിലും കമ്പനിക്കു സാന്നിധ്യമുണ്ട്. 1998ൽ ഇന്ത്യയിലെത്തിയ ഗ്രൂപ്പ് കോൺട്രാക്ട് വ്യവസ്ഥയിൽ കർഷകരുമായിട്ടുള്ള സഹകരണം വഴിയാണു രാജ്യത്ത് ചുവടുറപ്പിച്ചത്. ആലൂ ടിക്കി മുതൽ ശീതീകരിച്ച ഇഡ്ഡലി സാമ്പാർ കിറ്റ് വരെ നീളുന്നു കമ്പനിയുടെ ഇന്ത്യയിലെ ഉൽപന്നനിര.

2007ൽ ഉരുളക്കിഴങ്ങ് സംസ്കരണത്തിനായി ഗുജറാത്തിലെ മെഹ്സാന ജില്ലയിൽ 100 കോടി രൂപ ചെലവിൽ പ്ലാന്റ് സ്ഥാപിച്ച കമ്പനി ഇപ്പോൾ ദക്ഷിണേന്ത്യയിലെ വ്യാപാര ശൃംഖല വിപുലപ്പെടുത്താനുള്ള ശ്രമത്തിലാണ്. വൻകിടക്കാരുടെ റീട്ടെയ്ൽ ശൃംഖല വഴി വിറ്റഴിക്കപ്പെടുന്ന മക് കെയൻ ഉൽപന്നങ്ങൾ കേരളത്തിലെ ചെറിയ കടകളിലേക്ക് എത്തിക്കാനുള്ള ശ്രമത്തിലാണ് കമ്പനിയെന്ന് വികാസ് മിത്തൽ മനോരമയോടു പറഞ്ഞു. എന്തും ചൂടോടെ കഴിക്കാൻ ആഗ്രഹിക്കുന്ന മലയാളിയുടെ ഇടയിൽ ശീതീകരിച്ച വിഭവങ്ങൾക്ക് അത്ര സ്വീകാര്യതയുണ്ടായിട്ടില്ല. എന്നാൽ ഫ്ളാറ്റുകളിലേക്കും മറ്റും വൻതോതിൽ കുടിയേറുന്ന ഇവിടുത്തെ ജനത്തിന് പെട്ടെന്ന് ചൂടാക്കി കഴിക്കാവുന്ന ഉൽപന്നമെന്ന നിലയിൽ മലയാളിയുടെ ആധുനിക അടുക്കളയിൽ സ്ഥാനം ലഭിക്കുമെന്നു കരുതുന്നു. മലയാളികൾ ഏറെയുള്ള ഗൾഫിൽ സ്വീകരിക്കപ്പെട്ട മക് കെയ്ൻ ഉൽപന്നങ്ങൾക്ക് കേരളത്തിലും വിപണി കണ്ടെത്താൻ കഴിയുമെന്നാണു പ്രതീക്ഷ. കേരളത്തിലെ യുവസംരംഭകരുമായി ബന്ധപ്പെട്ട് വിപണനത്തിനായി കിയോസ്കുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഉപഭോഗ സംസ്ഥാനമായ കേരളത്തിൽ അഞ്ചു വർഷത്തിനുള്ളിൽ 15 മടങ്ങെങ്കിലും വിൽപനയിൽ വളർച്ച നേടാൻ കഴിയുമെന്നാണു കരുതുന്നതെന്നും വികാസ് കൂട്ടിച്ചേർത്തു.

# ‘അഗ്രി. ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തും’

കൊച്ചി ● എമേർജിങ് കേരള സംഗമത്തിന്റെ തുടർച്ചയായി കേരളത്തിൽ അഗ്രിക്കൾച്ചറൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുമെന്നു മന്ത്രി കെ.പി. മോഹനൻ. കാർഷിക ഉൽപാദനം മുതൽ വിപണനം വരെയുള്ള വിവിധ രംഗങ്ങളിലുള്ളവർ സംഗമത്തിൽ പങ്കെടുക്കും. കർഷകരും കയറ്റുമതിക്കാരും ഭക്ഷ്യസംസ്കരണ രംഗത്തെ വിദഗ്ധരുമടക്കമുള്ളവർ കേരളത്തിനകത്തും പുറത്തുനിന്നുമായി സംഗമത്തിൽ എത്തിച്ചേരുമെന്നും മന്ത്രി അറിയിച്ചു. എമേർജിങ് കേരള നിക്ഷേപക സംഗമത്തോടനുബന്ധിച്ച് ഭക്ഷ്യസംസ്കരണം എന്ന വിഷയത്തിൽ നടന്ന സെക്ടറൽ സെഷനിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി.

കാർഷിക, ഭക്ഷ്യ മേഖലകളിൽ മൂല്യവർധനയ്ക്ക് അപാര സാധ്യതകളാണു കേരളത്തിലുള്ളതെന്നും മന്ത്രി കൂട്ടിച്ചേർത്തു. രാഷ്ട്രീയത്തിന്റെ അതിപ്രസരമാണു കേരളത്തിന്റെ പ്രശ്നമെന്ന് സെഷൻ ഉദ്ഘാടനം ചെയ്ത കേന്ദ്രമന്ത്രി കെ.വി. തോമസ് പറഞ്ഞു. ഭക്ഷ്യമേഖലയിൽ ആധുനികീകരണം നടത്താതെ കേരളത്തിന് ഇനി മുന്നോട്ടു പോകാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. വിപണി പ്രതീക്ഷിക്കുന്ന തലത്തിലേക്കു ഭക്ഷ്യസംസ്കരണവും മൂല്യവർധനയും സ്റ്റോറേജ് സൗകര്യങ്ങളും ഉയർത്തിക്കൊണ്ടുവരാൻ കേരളത്തിനാകണമെന്നു മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു.

## ***Headline - McCain to bring wonders in Food Processing***

***(Story 1)***

*Cochin:* Kerala can do wonders in Food Processing through developing a network among farmers, said Vikas Mittal, Managing Director of McCain Foods, India who came here to attend ‘Emerging Kerala Investors Meet’. He suggested that credible trade approach and high-standard cold storage facilities should be established.

McCain is one of the leading companies in marketing French Fries and Potato based products. The company started its expansion in India in 1998 with different food products like Aloo Tikki, Idli Sambhar and have more cold storage facilities throughout India.

Now, company is looking to bring the products into Kerala retail market. Mittal expressed his hope that with the emerging flat culture Malayali families will accept the McCain Food with much zeal.

Company has its credit of being marketed in Gulf countries where Malayalis are inevitable population. It is aiming to install kiosks for young entrepreneurs in Kerala to get vast market for their products.

In 2007, McCain Foods founded a potato processing plant in Mehsana District of Gujarat.

## ***Headline – Emerging Kerala Initiative (Story 2)***

*Cochin* - Kerala to conduct Agricultural Investors Meet. To utilize the unlimited opportunities in agricultural-food processing Kerala is planning to conduct Agri Investors Meet soon. The Meet is focusing to coordinate agricultural producing and marketing people and farmers, exporters and expertise in the food processing field.Minister K P Mohanan told in Kochi presenting ‘Food Processing’ following the Emerging Kerala Investors Meet. Meet will deal with the problems of modernization in food processing and food culture

The three-day ‘Emerging Kerala investors’ meet that got under way here on Wednesday is being attended by a strong contingent from Canada. The CEOs of the Indian arms of flagship Canadian companies such as Blackberry, Bombardier and **McCain Foods are among the participants.** The Association of Canadian Community Colleges (ACCC) is also leading a 20-member delegation to Emerging Kerala.